ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **DTETVM/4922/2026-EB3 (EB)** തീയതി: **31-07-2026**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- ഡയറക്ടരുടെ കാര്യാലയം -ജീവനക്കാര്യം – **2026**-ലെ പൊതു സ്ഥലം മാറ്റം – ട്രേഡ്സ്മാൻ -**Turning, Machinist** തസ്തികകൾ – സ്പാർക്ക് (**SPARK**) മുഖേനയുള്ള അപേക്ഷകൾ – പരാതികൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന :- **1)25-02-2017** ലെ സർക്കാർ ഉത്തരവ് നമ്പർ. സ.ഉ(പി) നം. **03/2017**/ഉ.ഭ.പ.വ .

**2)5-04-2018** ലെ സ.ഉ (കൈ) നം. **10/2018**/ഉ.ഭ.പ.വ .

**3)25-03-2026** ലെ ഈ കാര്യാലയത്തിലെ സർക്കുലർ

നമ്പർ :**DTETVM/11146/2025-EC5** .

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ട്രേഡ്സ്മാൻ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും **2026**-ലെ പൊതു സ്ഥലംമാറ്റത്തിനായി 'സ്പാർക്ക്' (**SPARK**) വഴി ഓൺലൈനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ, ട്രേഡ്സ്മാൻ **Turning, Machinist** എന്നീ തസ്തികളിൽ അപേക്ഷിച്ച ജീവനക്കാരിൽ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റത്തിന് അർഹതയുള്ള ജീവനക്കാരുടെ അഭാവം മൂലം പ്രസ്തുത തസ്തികകളുടെ കരട് പട്ടിക "സ്പാർക്ക്" (**SPARK**) വഴി പ്രോസസ്സ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

ആയതിനാൽ, **2026**-ലെ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച ട്രേഡ്സ്മാൻ **Turning, Machinist** തസ്തികകളിലെ ജീവനക്കാർക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം, ആയത് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് **7** ദിവസത്തിനുള്ളിൽ സ്പാർക്ക് മുഖേന (**Service Matters-Online Transfer-Objection Filing**) സമർപ്പിക്കാവുന്നതാണ്.

നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

**2026** ലെ പൊതു സ്ഥലംമാറ്റം, **10-02-2026** ലെ **G.O. (MS) No. 97/2026/HEDN, 27-03-2026** തീയതിയിലെ **G.O. (Ms) No. 44/2026/GAD** എന്നീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

**1.** ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in**എന്ന വെബ്സൈറ്റ് മുഖാന്തിരം).

**2.** സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 31-07-2026
17:20:08